പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6443 | 21.11.2019-ൽ മറുപടിക്ക് |

**നികുതി വകുപ്പിന്റെ 32/2018/ടാക്സസ് ഇ 1 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) | |
| എ) | നികുതി വകുപ്പിന്റെ 32/2018/ടാക്സസ് ഇ 1 നമ്പർ ഫയലിൽ എന്ത് തീരുമാനം എടുത്തു ; വ്യക്തമാക്കാമോ; | എ) | 2004, 2006, 2008 വർഷങ്ങളിൽ കൊടുങ്ങല്ലൂർ താലൂക്കിൽ പുല്ലൂറ്റ് വില്ലേജിൽ മുൻ ആധാരങ്ങൾ പരിശോധിക്കാതെ തെറ്റായി ആധാരങ്ങൾ പോക്കുവരവ് ചെയ്തു കൊടുത്ത വില്ലേജ് ഓഫീസർക്കെതിരെ നടപടിയെടുക്കണമെന്ന ശ്രീ.രാമചന്ദ്രന്റെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി Taxes-E1/32/2018-Taxes നമ്പർ ഫയൽ റവന്യൂ വകുപ്പിന് 14.03.2018-ൽ നൽകുകയുണ്ടായി. റവന്യൂ വകുപ്പ് REV-T3/139/2018-REV നമ്പർ ഫയൽ പ്രകാരം ടി പരാതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് 08.04.2018-ലെ ഇതേ നമ്പർ കത്ത് പ്രകാരം പ്രസ്തുത അപേക്ഷ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയച്ചു കൊടുക്കുകയുണ്ടായി. |
| ബി) | ധനകാര്യ വകുപ്പിലേക്ക് പ്രസ്തുത ഫയൽ അയച്ചപ്പോൾ ലഭിച്ച റിമാർക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | ധനകാര്യ വകുപ്പിൽ അയച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | 181/2018/ടാക്സസ് ഇ1 നമ്പർ ഫയലിൽ എന്ത് തീരുമാനം എടുത്തു എന്ന് വ്യക്തമാക്കാമോ; | സി) | ചെങ്ങന്നൂർ സബ് രജിസ്ട്രാറായ ശ്രീ.ജി. ശ്രീകുമാറിന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ഫയലിൽ തുക അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ; | ഡി) | മറുപടി ഉള്ളടക്കം ചെയ്യുന്നു |
| ഇ) | പ്രസ്തുത ഫയലുകൾ പരിശോധിക്കുമ്പോൾ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റും ഐ.എഫ്.എം.എ.യും തമ്മിൽ ഉള്ള വ്യത്യാസം മനസ്സിലാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ഇ) | ഇല്ല. ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം ശ്രീ.ശ്രീകുമാറിന് 21.6.2018-ൽ അനുവദിച്ചിരുന്ന 18,00,000/- രൂപയുടെ പലിശ രഹിത വായ്പ ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് നൽകിയ വേളയിൽ മാത്രമാണ് പ്രസ്തുത തുക കൈപ്പറ്റിയിട്ടില്ല എന്ന വിവരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ അറിയിച്ചിട്ടുള്ളത്. മേൽ വിവരം സർക്കാരിൽ ലഭ്യമായത് 20.9.2019-ൽ മാത്രമാണ്. തുടർന്ന് തുക പ്രതിപൂരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്. |

Sheenas

സെക്ഷൻ ഓഫീസർ

21/11/2018 2:59 PM

SREEJA.P.S
(SO(LOANS,FIN))

Note No. #22

No:971404/L4/476/2018-FIN Finance(Loans)Dept.

E 975050/E1/181/2018-TAXES Dated:16.02.2019.

ചെങ്ങന്നൂർ സബ് രജിസ്ട്രാർ ആഫീസിലെ സബ് രജിസ്ട്രാർ ആയ ശ്രീ. ജി.
ശ്രീകുമാറിന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ
കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സ.ഉ(സാധാ)നം.427/2018/നി.വ
തീയതി 21.06.2018 പ്രകാരം അനുവദിച്ച 18,00,000/- രൂപയുടെ
പലിശരഹിത ചികിൽസാവായ്പ സമയബന്ധിതമായി ക്രമീകരിക്കാനുള്ള നടപടി
ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, ശ്രീ.ജി.ശ്രീകുമാറിന്
എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചെലവായ
തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന
തുകയുടെ 80% ആയ 58,719/- രൂപ (അൻപത്തെട്ടായിരത്തി എഴുനൂറ്റി
പത്തൊൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് ധനവകുപ്പ്
അനുമതി നൽകുന്നു.

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി(വ്യയം)ക്ക് വേണ്ടി.

19/02/2019 11:47 AM

SREEJA.P.S
(SO(LOANS,FIN))

Note No. #23

19/02/2019 11:58 AM

SASI.K

സെക്ഷൻ ഓഫീസർ